# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T547 29.10.2019 -ൽ മറുപടിയ്ക്ക്

## കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ബനവലന്റ് പദ്ധതി നിലവിലുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. ആർ.എസ്.ബി.വൈ-ക്കു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്തു നിലവിലുള്ള ആർ.എസ്.ബിവൈ/ചിസ്, ചിസ് പ്ലസ്, എസ് ചിസ് (SCHIS) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന പേരിൽ 2019 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കുകയുണ്ടായി. എങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബനവലൻറ് ഫണ്ട് ഗുണഭോക്താക്കൾക്കും മാർച്ച് 2020 വരെ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം തുടർന്നും ലഭ്യമാക്കുന്നതാണ്. |
| (ബി) | കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | | |
| (സി) | ഈ പദ്ധതിയിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്നും അവരുടെ ജില്ല തിരിച്ചുള്ള എണ്ണവും നൽകുമോ; | (സി) | (see table below) |

| ജില്ല | അംഗങ്ങള് | കുടുംബങ്ങള് |
|---|---|---|
| ആലപ്പുഴ | 484591 | 358175 |
| എറണാകുളം | 417316 | 284641 |
| ഇടുക്കി | 217487 | 142513 |
| കണ്ണൂർ | 363268 | 256952 |
| കാസർഗോഡ് | 203749 | 106448 |
| കൊല്ലം | 603326 | 414233 |
| കോട്ടയം | 275963 | 238969 |

| | | |
|---|---|---|
| കോഴിക്കോട് | 700217 | 455613 |
| മലപ്പുറം | 655167 | 403293 |
| പാലക്കാട് | 358954 | 339976 |
| പത്തനംതിട്ട | 254224 | 152174 |
| തിരുവനന്തപുരം | 753690 | 509674 |
| തൃശ്ശൂര് | 393546 | 338604 |
| വയനാട് | 180331 | 137531 |
| KASP total | 5861829 | 4138796 |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിലേക്ക് പുതിയ അംഗങ്ങളെ ഇപ്പോൾ ചേർക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ഡി) | നിലവിൽ സാധുതയുള്ള ആർ.എസ്.ബി.വൈ, ചിസ് കാർഡ് ഉള്ളവർക്കോ 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബല വിഭാഗം ജനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്കോ ആണ് പുതിയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഇത്തരത്തിൽ 41 ലക്ഷം കുടുംബങ്ങൾ ഉണ്ട്. |
| (ഇ) | ആർ.എസ്.ബി.വൈ, ചിസ് ഇൻഷുറൻസ് പദ്ധതിയിലുണ്ടായിരുന്ന മുഴുവൻ പേരും ഇപ്പോൾ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | ആർ.എസ്.ബി.വൈ, ചിസ് ഇൻഷുറൻസ് പദ്ധതിയിലുണ്ടായിരുന്ന മുഴുവൻ പേർക്കും പുതിയ പദ്ധതിയിൽ അംഗമാകാൻ 2019 ഏപ്രിൽ ഒന്ന് മുതൽ അഞ്ചു മാസത്തോളം അവസരം നൽകിയിരുന്നു. ആയതിൽ 98.56% കുടുംബങ്ങളും പുതിയ പദ്ധതിയിൽ അംഗത്വം നേടി. |

**സെക്ഷൻ ഓഫീസർ**